# ഹിഡുംബി
## സദനം. കെ. ഹരികുമാരൻ രചിച്ചത്

<u>ഹിഡുംബി എന്ന കഥകളിയുടെ രത്ന ചുരുക്കം</u>.
ഹിഡുംബനും ഹിഡുംബിയും നരഭോജികൾ ആയ രാക്ഷസസഹോദരങ്ങൾ ആണ്. ഹിഡുംബിക്ക് ജ്യേഷ്ഠനെ വലിയ ഇഷ്ടമാണ്.ജ്യേഷ്ഠന്റെ ഉറക്കം കെടുത്തുന്ന ഒരു കൊതുകിനെ കൊല്ലുവാൻ തുനിയുന്ന ഹിഡുംയബിയെ ആണ് ആദ്യം കാണുന്നത്.ഹിഡുംബൻ ഉണരുക തന്നെ ചെയ്യുന്നു. വിശന്ന് ഉണർന്ന ഹിഡുംബൻ ഭക്ഷണം ചോദിക്കുന്നു. താൻ തയാറാക്കി വച്ച ഭക്ഷണമെല്ലാം കൊടുത്തെങ്കിലും ഹിഡുംബന് തൃപ്തി ആകുന്നില്ല. "നരമാംസം വേണം" എന്ന ആജ്ഞാപിക്കുന്നു.
'നരവാസന'കേട്ട ഹിഡുംബി അന്വേഷിച്ച് പോകുന്നു. ദൂരെ ഒരു 'സുവർണ്ണ ദേഹനെ' കാണുന്നു. ആദ്യമായി അവൾ പ്രണയം അനുഭവിക്കുന്നു.
(അടുത്ത രംഗം)
അനുജന്മാരേയും അമ്മയേയും രക്ഷപ്പെടാൻ നിർമ്മിച്ച ഗുഹയിലാക്കി ഭീമൻ അരക്കില്ലത്തിന് തീ വച്ച് സ്വയം രക്ഷപ്പെടുന്നു..അവർ ഒരു വിജനമായ കാട്ടിൽ എത്തുന്നു. വിശന്നു തളർന്ന അമ്മക്കും അനുജന്മാർക്കും വേണ്ട ആഹാരം കൊണ്ടു വരാൻ നായാട്ടിനായി ഭീമൻ വില്ലും അമ്പുമായി പുറപ്പെടുന്നു.
തന്റെ മാനസേശ്വരന്റെ ഉദ്യമം മനസ്സിലാക്കിയ ഹിഡുംബി സ്വയം മാൻ, പന്നി, എന്നിങ്ങനെ ഓരോ മൃഗങ്ങളുടെ രൂപം ധരിച്ച് ഭീമ പാർശ്വങ്ങളിലൂടെ ഓടി കളിക്കുകയും ഭീമൻ അമ്പെയ്യാൻ തുനിയുമ്പോൾ മാഞ്ഞു പോകുകയും ചെയ്യുന്നു. എന്തോ കാപട്യം തിരിച്ചറിഞ്ഞ ഭീമൻ 'കാട്ടു മൃഗത്തെ"പിടിക്കുക തന്നെ ചെയ്യുന്നു..അതൊരു കാട്ടു പെണ്ണായിരുന്നു പക്ഷേ..
ആരാണെന്നും എന്തിനാണ് മായ കളിച്ചതെന്നും വഞ്ചിക്കാനാണെങ്കിൽ കൊന്നു കളയുമെന്നും പറയുന്ന ഭീമനോട് താൻ കാമുകി ആണെന്നും സഹായിക്കാനാണ് വന്നതെന്നും  നിന്റെ ബന്ധുക്കൾക്കെല്ലാം ധാരാളം ഭക്ഷണം എത്തിച്ചിട്ടുണ്ടെന്നും പറഞ്ഞ് ഭീമനു മുന്നിൽ ധാരാളം കായ് കനികളുടെ ഭക്ഷണം വച്ചു കൊടുക്കുന്നു. ഭീമന് ഹിഡുംബിയോട് പ്രണയം തോന്നുന്നു.
വിശപ്പ് സഹിക്കാനാവാതെ അന്വേഷിച്ച് വന്നപ്പോൾ ഹിഡുംബിയും ഭീമനും ചേർന്ന് ശൃംഗരിക്കുന്നത്ഹിഡുംബൻ കാണുന്നു. ക്രോധം അണപൊട്ടുന്നു. ഭീമനുമായി യുദ്ധം ആരംഭിക്കുന്നു. യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ ഹിഡുംബി ഇടക്കു കയറി ജ്യേഷ്ഠനേയും കാമുകനേയും മാറ്റുന്നു. പക്ഷെ ഭീമന്റെ പ്രഹരങ്ങളാൽ ഹിഡുംബൻ സഹോദരിയുടെ മടിയിൽ തലവച്ച് മരിക്കുന്നു.
ജ്യേഷ്ഠൻ മരിച്ചതിൽ ഖേദവും ക്രോധവും വന്ന ഹിഡുംബി പ്രേമിക്കുന്നെങ്കിലും തന്റെ ജ്യേഷ്ഠനെ വധിക്കാൻ അനുവദിച്ചിട്ടില്ലെന്ന് പറഞ്ഞ് ഭീമനെ ആക്രമിക്കുന്നു സ്ത്രീകളോട് യുദ്ധം ചെയ്യാൻ മടിച്ച ഭീമൻ ആദ്യമെല്ലാം ഹിഡുംബിയുടെ പ്രഹരങ്ങൾ ഏറ്റു വാങ്ങിയെങ്കിലും അറിയാതെ അവളെ അടിച്ചു പോകുന്നു. ഹിഡുംബി മോഹിച്ചു വീഴുന്നു. "സ്ത്രീ വധം"എന്ന പാപം ഭയന്ന് ഭീമൻ ശീതോപചാരം ചെയ്യുന്നു. അവൾ ഉണരുന്നു.കുന്തീദേവിയും വ്യാസനും അവിടെ എത്തുകയും അശരണയായ ഹിഡുംബിയെ വിവാഹം കഴിക്കുവാൻ ഭീമനോട് ആവശ്യപ്പെടുകയും, വിവാഹം ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

**വ്യോമത്തിൽ തലതല്ലിയാർത്തൊരശനീ പാതംപൊഴിക്കും മഹാ**
**സാലങ്ങൾനിറയുന്ന കാനനമതിൽ മർത്ത്യന്റെ മാംസം ഭുജി**
**ച്ചേറ്റം ശൂരതയാർന്ന സോദരിയൊടും മോദിച്ചു വാഴുന്നൊരാ**
**രക്ഷോനാഥനറിഞ്ഞു മാനവമണം കാട്ടിൽ പ്പരന്നുള്ളതും**

**മാനിൻ മാംസമതും മടുത്തു മനുജന്മാരേ ഭുജിച്ചീടുവാൻ**
**മോഹം കത്തിയുറഞ്ഞു സോദരിയവൾ തന്നോടുരാക്ഷോവരൻ**
**ഊറ്റത്തോടു മനുഷ്യരെ ഝടുതിചെന്നാട്ടിപ്പിടിച്ചിട്ടു തൻ-**

ന്നത്താഴത്തിനു പാകമാക്കിടുവതിന്നായിട്ടു ചൊന്നാനിദം

ഹിഡുംബൻ
കരിമുകിൽ പോലുടൽ പൂണ്ടസോദരിയേ
കരികളോടെതിരിടാൻ കരുത്തുപെരുത്തവളേ
വിണ്ടലം ഞെട്ടുമാറങ്ങട്ടഹസിപ്പവളേ
ഹിഡുംബനം കാത്തിടും കറുത്തപെൺമണിയേ

വനമിതിൽ മാനവർ വന്നുനിറയുന്നൂ.
നരമണം പൂണ്ടു കാറ്റൊഴുകിയണയുന്നു.
മാനിറച്ചി തിന്നെനിക്കു സ്വാദു കുറയുന്നു.
മാന്ദ്യമെന്തു നീ ഹിഡുംബി കൊണ്ടുവരികവരെ.

മാനുഷാമിഷം ഭുജിച്ചു
മനുജരുധിരവുംകുടിച്ചു
നിലമറന്നു ഭോജനോത്സവം നടത്തിടാം

ഹിഡുംബി

സഹജാ ഉടനടി ഞാൻ ശിരസാനിൻ കൽപനയെ
മുടിചൂഡും മണിയായി ട്ടണിയുന്നേൻ കാത്തരുളുന്നേൻ

നരമാംസം തിന്നാതെൻ മനതാരും മുഷിയുന്നു
നരരുധിരം മോന്താതെൻ തരുവുടലും തളരുന്നു.

നട്ടെല്ലു കോർത്തൊരു മാലയും ചാർത്തി ഞാൻ
പന്നിമുള്ളിൽകോർത്തിറച്ചിയും വാട്ടിഞാൻ
ചേമ്പിലക്കുമ്പിളിൽചെംചോര കൊണ്ടുവ
ന്നീടാം ക്ഷമിക്കഭവാൻ

രാഗം മുഖാരീ താളം പഞ്ചാരി

മെഴുകിൽതീർത്തപുരംദഹിച്ചിടുവതിൻ മുൽപ്പാടുകുന്തീസുതർ
ഖനകൻ തീർത്തൊരു ഗഹ്വരം വഴി വനം പൂകീ പൃഥാദേവിയൊ-
ത്തടവീമാർഗമതീവ സങ്കടമതിൽ വീണാശു കേണീടുമാ
സഹജന്മാരൊടു ഭീമസേനനലിവാർന്നാശ്വാസമോതീ യിദം.

കുന്തി: രാഗം:നവരസം
വലംചേർന്നിരിക്കുക നകുലാ
ഇടം ചേർന്നമരുക സഹദേവാ
ധനുസ്സിൽ ഞാൺകൊരുത്തർജ്ജുനനെന്റെ

യടുത്തായിഹ വസിക്ക
കടുത്താണ്ടു തറച്ച മുള്ളുകളെടുക്കാം പദമണച്ചാലും
മനസ്സാണു കരുത്തു നമ്മുടെ(അതി)യണക്ക ധൃതി യുധിഷ്ഠിര നീ

ഭീമൻ
തളരാതെ സഹദേവാ വത്സാ
പതറാതെന്നനുജാ നകുലാ
വിളറാതർജ്ജുന വീരാ നീ വിവശം
വിറയാർന്നീടായ്ക ധർമ്മസുതാ സൽക്കർമ്മവ്രതാ

നാരീജന്മമതാകിലു മതീവ
ധൃതിയാർന്നൊരു മാതാവേ കാണുക
കാലം മാറിവരുന്നതു കാത്തു
വസിക്കാം വഴിയുണ്ടാകും മേലിൽ

പശിയാലവശതയാർന്നൊരു നിങ്ങൾ
വസിക്കുകീ വടവൃക്ഷച്ചോട്ടിൽ
ഭുജിപ്പതിന്നെന്തെങ്കിലുമായിവ-
രുന്നതുവരെയിഹ വാഴുക നിങ്ങൾ.

വാതേശാത്മജ ദർശനം തിരുവുടൽ സ്പർശത്തിനുള്ളാശയായ്
കാണാപ്പൂങ്കണകൊണ്ടു നാണമതുപിന്നാദ്യാനുരാഗങ്ങളായ്
കല്ലിൽ കന്മദമെന്നപോലവികലം പ്രേമാർദ്രഭാവത്തോടും
കാണെക്കാണെ വിയർത്തുലഞ്ഞൊരവളോടോതി സ്വയം രാക്ഷസി

ഹിഡുംബി

ഋതുമതിയായദിനം തൊട്ടിവനെ
യാണു തിരഞ്ഞു ഞാനിന്നറിയുന്നു.

കരിനാഗം പോൽ ഇവനുടെ
കനകാംഗമതിൽ പിണയാനായാൽ
പെണ്ണിൽ പുണ്യവതി ഞാൻ

രുധിരം വേണ്ടധരം നുണയാം
മധുരം പരിരംഭണമാകാം
എൻപതിയാണിവനുടെ പാതിയാണു ഞാൻ
പരിചൊടു തൽപമൊരുക്കീടാം

മോക്ഷകവാടമെനിക്കിവനാകേണം

കിളിയെ കിടിയെ പിടിപ്പതിന്നായ്
തുനിയുന്നൊരിവനെ വഴിക്കു വരുത്തിടാം ഞാൻ.

തിരശീലക്കുപിന്നിൽ ഹിഡുംബി, മാൻ, പന്നി, കാള, തുടങ്ങിയവയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു, ഭീമസേനൻ അമ്പെയ്യാൻ നോക്കുന്നു. പക്ഷെ ഹിഡുംബി മറയുന്നു. ഒടുക്കം തിരശീലയോടെ ഹിഡുംബിയെ പിടികൂടുന്നു.

ഭീമൻ നാട്ടക്കുറുഞ്ഞി

രാക്ഷസിയോ നീ ചൊല്ലുക സത്യം
ഹിഡുംബി
കാമുകി ഞാനറിയുക നീ തോഴാ

ഭീമൻ
എന്തിനു മായകളിച്ചതു മുന്നിൽ

ഹിഡുംബി
നിൻ പൈദാഹം തീർത്തീടാൻ

ഭീമൻ
പൈദാഹം തീർത്തിടുവതിനെന്താരുപായം

ഹിഡുംബി: ബിലഹരി

മധുവും മധുരക്കനിയും മതിവരുവോളം നുണയുക നീ
മുയലും മയിലും കുയിലും ചേർത്തോ
രാമിഷഭോജ്യം നുകരുക നീ
ക്ഷുത്താൽ ക്ഷീണിതരായി ശയിപ്പോർ
ആരാണങ്ങകലെ
കാൺകവരുണ്ണുന്നതു ഞാൻ നൽകിയ
ഭോജന മാധുര്യം

ഭീമൻ: മോഹനം

ശ്യാമ ചന്ദ്രമുഖം  ശ്വേത ചന്ദ്രികാ സുസ്മിതം.

കാളിമ നീക്കി ഹിഡുംബ വനം പൂങ്കാവനമാക്കിയതാ

മാരോഷ്മള തപനം ശീതമായ് തീർക്കും സ്പർശ സുഖം
മാരനടനമതിനിന്നെൻ മനമതു വാദ്യഘോഷവുമുതിർപ്പൂ

ഹിഡുംബൻ: നീലാംബരി

തടിമിടുക്കോടെന്റെ കാടിതിൽ വന്നെന്റ
പെങ്ങളെ കട്ടെടുത്തീടാൻ തുനിഞ്ഞനിൻ
നട്ടെല്ലൊടിച്ചു മുറിച്ചതുകൊണ്ടൊരു
മാലതീർത്തണിയുന്ന തുണ്ടു നരാധമാ

ഭീമൻ

കെട്ടിച്ചയക്കേണ്ട കാലമായെങ്കിലും
കെട്ടിയിട്ടൊരുപാടു വീട്ടുവേലക്കായി
പട്ടിയെപ്പോലെവളർത്തിയ നിന്നുടെ
കൂടപ്പിറപ്പിനെ മോചിപ്പനിന്നഹം.

ഹിഡുംബൻ

പശികൊണ്ടവശനായ് തീർന്നതില്ലിന്നു ഞാൻ
പിശിതമല്ലോ മമ മുന്നിൽ വസിപ്പതും
ഉടലതിൽ തൂങ്ങുമിറച്ചികൊണ്ടൊരു മാസ
മിനികുശാലായി വസിച്ചിടാമല്ലോ

ഭീമൻ

ആണാണുനീയെങ്കിലിന്നിവൾക്കാടയും
ഭോജ്യവും നൽകി വളർത്തേണ്ടവൻ നീ.
പെണ്ണുതെണ്ടിച്ചുള്ളൊരന്നം കഴിച്ചു ത-
ടിച്ചോരുടൽ ഞാനൊടിച്ചിടും നിർണ്ണയം.

ഹിഡുംബി. പുന്നാഗ വരാളി

ആരും ജയിക്കരുതാരും മരിക്കരുതെന്നുള്ള പ്രാർത്ഥന വ്യർത്ഥമായ്
ആരുണ്ടെനിക്കീയരണ്യത്തിലൊരു തുണ
അരുമയാമെന്നുടെ സോദരാ
നിന്നെ വെറുത്തതില്ലെന്നുമേ ഞാനെന്നു നണ്ണുമോ നീയിന്നു ജ്യേഷ്ഠാ
നീമരിച്ചീടൊല്ല നീ മറഞ്ഞീടൊല്ല ശപ്ത യായ്ത്തീർന്നു ഞാനയ്യോ

ഹിഡുംബി ഭീമനോട്

കൊന്നവനേ എൻ സോദരനെ കൊന്നവനേ മാനവനേ

ഇല്ല നിനക്കഹമേകിയതില്ല, കൊല്ലുവതിന്നനുവാദം.

എന്നൊടു പോരാടുക നീ മർത്ത്യാ
നിന്നുടെ മുഷ്ടിപ്രഹരം കൊണ്ടു തകർന്നു തരിപ്പണ
മായീടട്ടെ എൻ  തളിരിട്ടൊരു പ്രണയം

ഭീമൻ

സക്ഷമമെൻ മറുവചനം കേൾക്ക
ദൃക്സാക്ഷിയാണു നീ
ഇക്കാണുമഖില യുദ്ധത്തിനു ബത
ഹേതു തവസോദരൻ
ഹിഡുംബി

വ്യാസൻ: സൗരാഷ്ട്രം

കരിമുകിലാണിവളാകയാൽ ഉരു ജലനിധിയാണിവൾ മമ ഭിമാ
അശനിയാണെങ്കിലുമിന്നൊരു സൗമ്യ സൗദാമിനിയാണിവൾ ഭീമാ.

ആശരിമാരിലൊരീശ്വരിയായൊരിവൾക്കനുരാഗം നിന്നിൽ
തോന്നുകയാലിവളെ ബത കൈവെടിയാതേ നീ മകനേ

ആശരണയിന്നിവളായീ നീയതിനായൊരു ഹേതുവതായീ
ഇനിയിവളെതുണയായ്കിൽ പാപത്തിനു വഴിതെളിയും ഭീമാ

കാമിപ്പോരൊടു കോപിക്കുവതും കോപിപ്പോരെ കാമിക്കുവതും
ചിതമല്ലനുചിതമെന്നറിയുകനീ സദാഗതീ തനയാ.

നന്ദനനൊന്നുപിറക്കുന്നതുവരെ യിവളെപ്പരിപാലിക്കേണ്ടതു നീ.
തുണയായ് തണലായചിരാൽ മേലിൽ തീരുമവൻ നിയതം.

ദണ്ഡകം

ശ്യാമാംഗിയാളുടെ വലംകയ്യെടുത്തു നിജ പുത്രന്റെ നേർക്കവളണഞ്ഞൂ
പുഞ്ചിരീ യുതിർന്നൂ മഞ്ജരി വിടർന്നു
അടവിയതു മദനസഖനുടനടി വസന്തർത്തുവാക്കിയതു പൃഥയവളറിഞ്ഞു

പൗത്രന്റെ ദക്ഷിണകരംകോർത്തു വ്യാസമുനിവര്യൻ നതാംഗിയുടെ
ചാരേ
മന്ദമൊടണഞ്ഞു മംഗളമുതിർന്നു

പ്രണയമധു നിറയുമൊരു മനമുടയവൾക്കുപരിണയമതിനു
നൽകിയനുവാദം

പാണിദ്വയങ്ങളുമെടുത്തങ്ങുചേർത്തളവു വാനത്തു ദുന്ദുഭി മുഴങ്ങീ
വനമതുതിളങ്ങീ മലരണിവിളങ്ങീ
പരിമളമലിഞ്ഞ  മൃദുപവനനതുപൊഴുതുപനിനീരും തെളിച്ചിതതിലോലം

ആദ്യാനുരാഗമതിലാളിപ്പടർന്നനില പുത്രന്നു മാരപരിതാപം
മനമതിലുണർന്നൂ സ്മൃതിയതു തടഞ്ഞൂ.
നവവധുസമേതനായതിവിനയനിധിയുടനെ അടിമലരിണകളതു വണങ്ങി
ഹിഡുംബി

പൂങ്കുയിൽ പാടും ഗാനം കേൾക്കാതോ
പൂന്തുകിലനിലനുലപ്പതു കാണാതോ
പൂങ്കുഴലൊഴുകും പുഴയിൽ നീന്താതോ
പൂങ്കണയേറ്റാൽ പുളകം പൂക്കാതോ

കാറ്റിൽ പറന്നണയുന്ന പ്രസൂനങ്ങ-
ളാകുന്നിതാ പുഷ്പ തൽപം
വീശുന്നു പനിനീരുപോലെ ഗഗനത്തിൽ
നിന്നു ഹിമവർഷധാര

ഭീമൻ
മുഗ്ധാനുരാഗേക്ഷണങ്ങളോടെതിരിട്ടു
വെല്ലുവാുവാനില്ലെനിക്കായുധങ്ങൾ
ചില്ലികൊണ്ടുറുമി പ്രയോഗം നടത്തുകിൽ
വെല്ലുവാനാവില്ല നിന്നെ